**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7827. 15.07.2014 ൽ മറുപടിയ്ക്ക്.

## ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് മുൻപ് ട്രാഫിക് നിയമ ക്ലാസ്സ്

| ചോദ്യം<br>ശ്രീ. വർക്കല കഹാർ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, ആർ. സെൽവരാജ്<br>,, എം.എ. വാഹീദ് | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് മുൻപ് ട്രാഫിക് നിയമ ക്ലാസ്സ് നിർബന്ധമാക്കുന്ന കാര്യം പരിഗണന യിലുണ്ടോ ; വിശദമാക്കുമോ ; | (എ) | ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുമുമ്പ് ട്രാഫിക് നിയമക്ലാസ് നിർബന്ധമാക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനു മുൻപ് ഗതാഗത നിയമങ്ങൾ സംബന്ധിച്ച് പ്രീ-ഡ്രൈവർ ടെസ്റ്റ് പരിശീലനം നൽകി വരുന്നുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാ മാണ് ; വിശദമാക്കുമോ ; | (ബി) | കേരള റോഡ് സുരക്ഷാ അതോറിറ്റി യുടെ സഹകരണത്തോടെ നടപ്പാക്കി വരുന്ന റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് ഇത്തരത്തിലൊരു പരിശീലന പരിപാടി തുടങ്ങിയത്.<br>സുരക്ഷയിലൂന്നിയ ഒരു ഡ്രൈവിംഗ് സംസ്കാരം വളർത്തുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം. ഇതിലേയ്ക്കായി മുമ്പ് മനസ്സിലാക്കിയ ഡ്രൈവിംഗ് രീതികൾ തിരുത്തുവാൻ പ്രീ-ഡ്രൈവർ ടെസ്റ്റ് പരിശീലനം ലക്ഷ്യം വെയ്ക്കുന്നു. ശരിയായ ഡ്രൈവർ പരിശീലനം നൽകുക, സുരക്ഷയി ലൂന്നിയ ഡ്രൈവിംഗ് ശീലമാക്കുക, റോഡ് സുരക്ഷ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ബോധവത് കരണം നടത്തുക, റോഡ് സുരക്ഷ പ്രോത്സാഹിപ്പിക്കുക, ഡ്രൈവറെ മോട്ടോർ വാഹന വകുപ്പിന്റെ നല്ലൊരു |

| | | | |
|---|---|---|---|
| | | | സുഹൃത്താക്കുക, അദ്ദേഹത്തെ നല്ലൊരു ഡ്രൈവറാക്കി മാറ്റുക എന്നിവയാണ് മറ്റുദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) | ഇതിനായി സ്ഥിരം സമിതിയെ നിയോഗിക്കുന്നകാര്യം ആലോചിക്കുമോ ; വിശദമാക്കുമോ ; | (സി) | ഇപ്പോൾ ആലോചിച്ചിട്ടില്ല. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | ഇപ്പോൾ നടന്നുവരുന്ന പരിശീലന പരിപാടിയ്ക്കായി ആഴ്ചതോറും രണ്ടു മണിക്കൂർ സമയത്തേക്കുള്ള ഒരു സിലബസ് തയ്യാറാക്കുകയും ഒരു പഠനസഹായി പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.